**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോവളം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയെന്നും എത്ര പുതിയ സർവ്വീസുകൾ തുടങ്ങിയെന്നും വിശദമാക്കാമോ; | (എ) | കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം യൂണിറ്റിൽ നിന്നും 6 സർവ്വീസുകളും, പ്രസ്തുത നിയോജക മണ്ഡലത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്ന പാറശ്ശാല യൂണിറ്റിലെ - 5 ഉം, തിരുവനന്തപുരം സിറ്റി യൂണിറ്റിലെ - 2 ഉം, പാപ്പനംകോട് യൂണിറ്റിലെ - 9 ഉം, പേരൂർക്കട യൂണിറ്റിലെ - 2 ഉം ഉൾപ്പെടെ 24 ഷെഡ്യൂളുകൾ യാത്രക്കാരുടെ കുറവും, കോവിഡ് നിയന്ത്രണങ്ങളും കാരണം കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പാപ്പനംകോട് ഡിപ്പോയിൽ നിന്നും 2 സർവ്വീസുകൾ പുതിയതായി തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര സ്റ്റേ സർവ്വീസുകളുണ്ടെന്നും എത്രയെണ്ണം പ്രസ്തുത കാലയളവിൽ നിർത്തലാക്കിയെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഒരു സ്റ്റേ സർവ്വീസാണ് ഉള്ളത്. യാത്രക്കാരുടെ കുറവും, കോവിഡ് നിയന്ത്രണങ്ങളും കാരണം 13 സ്റ്റേ സർവ്വീസുകൾ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. 2016-ൽ തിരുവനന്തപുരം ജില്ലയിൽ ആകെ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകൾ എത്രയായിരുന്നെന്നും നിലവിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുവെന്നും വിശദമാക്കാമോ? | (സി) | 2016-ൽ തിരുവനന്തപുരം ജില്ലയിൽ ശരാശരി 1277 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കോവിഡ് വ്യാപനം മൂലം യാത്രക്കാർ കുറവായതിനാൽ നിലവിൽ ശരാശരി 805 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ